# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

ടൂറിസം പദ്ധതികള്‍ക്ക് വനം വകുപ്പിന്റെ അനുമതി

3701 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം വകുപ്പിന്റെ പല പദ്ധതികളും വനംവകുപ്പില്‍ നിന്നുള്ള അനുമതി ലഭിക്കുന്നതിന് കാലതാമസം വരുത്തുന്നതിനാല്‍ നടപ്പിലാക്കാന്‍ കഴിയുന്നില്ലെന്നുള്ള വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ വിശദാംശം നല്‍കുമോ;

(ബി) ടൂറിസത്തിന്റെ അനന്തസാദ്ധ്യതകള്‍ക്ക്, കേരളത്തില്‍ വനംവകുപ്പിന്റെ ടി നടപടികള്‍ ലഘൂകരിക്കാത്തതു മൂലം വലിയ നഷ്ടം സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി നടപടി സ്വീകരിച്ചുവോ;

(സി) അഞ്ച് കോടി രൂപ വരെയുള്ള പദ്ധതികള്‍ക്ക് ഇപ്രകാരം പെര്‍മിസീവ് സാംങ്ഷന്‍ നല്‍കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ഡി.എഫ്.ഒ മാര്‍ക്ക് നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>എന്റെ മരം പദ്ധതി</u>

3702 ശ്രീ. എം. പി. വിൻസെന്റ്
,, ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എന്റെ മരം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) കൃത്രിമ വനം സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികൾക്ക് വന സംരക്ഷണത്തിൽ താൽപര്യം ഉണ്ടാകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കിവരുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ</u>

3703

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയതായി അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ വച്ചുപിടിപ്പിക്കില്ല എന്ന മുൻ ഗവൺമെന്റിന്റെ തീരുമാനം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി ഏതെങ്കിലും അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പുതിയതായി അക്കേഷ്യ, യൂക്കാലി പ്ലാന്റേഷനുകൾ വച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) അക്കേഷ്യ, യൂക്കാലി എന്നിവ പരിസ്ഥിതിക്കോ, ജനങ്ങൾക്കോ ഹാനികരമായ വൃക്ഷങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

വനശ്രീ യൂണിറ്റുകളുടെ പ്രവര്‍ത്തനം

3704 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, എം. എ. വാഹീദ്
,, ആര്‍. സെല്‍വരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വനശ്രീ യൂണിറ്റുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം വിശദമാക്കുമോ;

(ബി) എന്തെല്ലാം സാധനങ്ങളാണ് ഈ യൂണിറ്റുകള്‍ വഴി വില്‍ക്കപ്പെടുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത യൂണിറ്റുകള്‍ പുന:സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പാമ്പ് പിടുത്തത്തിൽ പരിശീലനം</u>

3705 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ ഫോറസ്റ്റ് ഓഫീസുകളിൽ ആകെ എത്ര പാമ്പ് പിടുത്തക്കാരാണുള്ളത്;

(ബി) കഴിഞ്ഞ മൂന്നുവർഷക്കാലത്തിൽ ജില്ലയിൽ എത്രപേർക്ക് പാമ്പ് കടിയേറ്റിട്ടുണ്ട്;

(സി) ജില്ലയിൽ ആവശ്യത്തിന് പാമ്പ് പിടുത്തക്കാർ ഇല്ലെന്ന കാര്യം പരിഗണിച്ച് കൂടുതൽപേർക്ക് പാമ്പ് പിടുത്തത്തിൽ പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ആന പരിപാലനചട്ടം കർശനമായി പാലിക്കാൻ നടപടി

3706 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-ൽ എത്ര നാട്ടാനകളാണ് ഇടഞ്ഞ് നാശനഷ്ടം ഉണ്ടാക്കിയിട്ടുള്ളത്; ആനയുടെ ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ബി) ആന ഇടയുന്നതും, നാശനഷ്ടം ഉണ്ടാക്കുന്നതും കുറച്ചുകൊണ്ടു വരുന്നതിന്റെ ഭാഗമായി ആന പരിപാലന ചട്ടം കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മംഗള വനത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3707 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിന്റെ ശ്വാസകോശമെന്നു വിശേഷിപ്പിക്കുന്ന മംഗളവനത്തിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളായി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾ മംഗളവനത്തിന്റെ നിലവിലുള്ള സ്വാഭാവികതയ്ക്ക് അനുസൃതമായാണോ നടത്തിയിട്ടുള്ളത് ;

(സി) മംഗളവനത്തിലെ നടപ്പാതകളിലെ കോൺക്രീറ്റ് ടൈൽസ് അതിന്റെ പുതിയ രൂപകല്പനയിൽ ഉൾപ്പെട്ടിട്ടുളളതാണോയെന്നും അല്ലെങ്കിൽ ഈ പരിഷ്കാരത്തിന്റെ ഉദ്ദേശശുദ്ധിയെന്തെന്നും വെളിപ്പെടുത്തുമോ ;

(ഡി) മംഗളവനത്തിൽ എത്തുന്ന ദേശാടനപക്ഷികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ഇ) കഴിഞ്ഞ ഏഴ് വർഷങ്ങൾക്കുള്ളിൽ മംഗളവനത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ</u>

3708 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനം വ്യക്തമാക്കുമോ;

(ബി) പുതുതായി അനുവദിച്ച ഫോറസ്റ്റ് സ്റ്റേഷനുകൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജില്ലയിൽ അനുവദിക്കുമെന്ന് പ്രഖ്യാപിച്ച രണ്ട് എലിഫന്റ് സ്ക്വാഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

വനം വകുപ്പിൽ പുതിയ തസ്തികകൾ

3709 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വനംവകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ വനസംരക്ഷണവിഭാഗം ജീവനക്കാരുടെ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ആയത് ഏത് വിഭാഗത്തിൽനിന്നും എത്ര തസ്തികകൾ വീതമെന്നും വെളിപ്പെടുത്തുമോ;

(സി) വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മാവോയിസ്റ്റ് സാന്നിദ്ധ്യവും മറ്റും കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ അത്തരം മേഖലകളിൽ കൂടുതൽ സംരക്ഷണവിഭാഗം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

വനം വകുപ്പ് ജീവനക്കാർക്കെതിരെയുള്ള സസ്പെൻഷൻ നടപടി

3710 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരുടെ എണ്ണം സർക്കിൾ തിരിച്ച് വ്യക്തമാക്കുമോ ;

(ബി) മതിയായ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിന് ശേഷമാണോ അതോ കീഴ്ജീവനക്കാർ നൽകുന്ന റിപ്പോർട്ട് കണക്കിലെടുത്താണോ മേലധികാരികൾ സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരൻ പിന്നീട് നിരപരാധിയാണെന്ന് തെളിഞ്ഞ് കുറ്റവിമുക്തനായാൽ സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥനെതിരെ വകുപ്പ്തല നടപടി സ്വീകരിക്കുമോ ;

(ഡി) വനം വകുപ്പിൽ സസ്പെൻഷൻ മാനദണ്ഡങ്ങൾ നോക്കാതെ നടപടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിനു പരിഹാരം കാണുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

കോടനാട് 'അഭയാരണ്യ' വന്യമൃഗ സംരക്ഷണ കേന്ദ്രം

3711 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടനാട് കപ്രിക്കാട്ടെ അഭയാരണ്യത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചതിന് സെൻട്രൽ സൂ അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) അഭയാരണ്യത്തോടനുബന്ധിച്ചുള്ള മൃഗാശുപത്രിയിൽ ഡോക്ടറുടെയും മറ്റ് ജീവനക്കാരുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഭയാരണ്യം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കാൻ നടപ്പാക്കി വരുന്ന പദ്ധതികൾ അറിയിക്കുമോ;

(എഫ്) കോടനാട് റസ്ക്യൂ സെന്ററിൽ നിന്നും മുഴുവൻ മൃഗങ്ങളെയും അഭയാരണ്യത്തിലേക്ക് മാറ്റാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ജി) നെയ്ച്ചർ സ്റ്റഡി സെന്ററിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെയും മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) അഭയാരണ്യത്തിന്റെ വിപുലീകരണത്തിനും പരിപാലനത്തിനും നേതൃത്വം നൽകുവാൻ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന ഉപദേശക സമിതി രൂപവൽക്കരിക്കുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

ആനകളെ പരിപാലിക്കുന്നതിനുള്ള വ്യവസ്ഥകൾ

3712 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്റ്റ് 1979 പ്രകാരം വ്യക്തികൾ ആനകളെ പരിപാലിക്കുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആനകളെ കൈമാറ്റം ചെയ്യുന്നതിന് നിലവിൽ വൈൽഡ് ലൈഫ് ആക്റ്റ് പ്രകാരമുള്ള വ്യവസ്ഥകൾ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) 2010 ഡിസംബർ മാസം 21 ന് സംസ്ഥാന വനം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാട്ടാനകളുടെ വിവരങ്ങൾ പ്രസിദ്ധീകരിച്ചതിന്ശേഷം നാളിതുവരെ ആകെ എത്ര ആനകളെ കൈമാറ്റം ചെയ്തിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത ലിസ്റ്റ് പ്രകാരം ഉള്ള ഉടമസ്ഥരുടെ കൈവശം തന്നെയാണോ ഈ ആനകൾ ഇപ്പോഴും ഉള്ളതെന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ അവയുടെ പുതിയ ഉടമസ്ഥരുടെ പേരും മേൽവിലാസവും ആനകളെപ്പറ്റിയുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നിയമവിരുദ്ധമായി സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകൾ നിയന്ത്രിക്കുന്നതിന് നടപടി</u>

3713 ശ്രീ. ഇ. ചന്ദ്രശേഖരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയൻ
,, വി. എസ്. സുനിൽ കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ടവറുകൾ സൃഷ്ടിക്കുന്ന അണുവികിരണ ആഘാതത്തിൽ ക്യാൻസർ, ബ്രയിൻ ട്യൂമർ, മാനസിക സംഘർഷം, ഉറക്കമില്ലായ്മ, വന്ധ്യത തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുമെന്ന പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ നിന്നും ജനങ്ങൾക്ക് പരിരക്ഷ നല്കുന്നതിന് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പാരിസ്ഥിതി അനുമതി വാങ്ങാതെ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട്

3714 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ട് സർക്കാർ നടപ്പാക്കുമോ ;

(സി) പശ്ചിമഘട്ടം സംരക്ഷിക്കുന്നതിന് യുക്തമായത് ഏത് റിപ്പോർട്ടാണെന്ന് സർക്കാർ വ്യക്തമാക്കുമോ ;

(ഡി) പശ്ചിമഘട്ടം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതി, മുതലമട ഗ്രാമപഞ്ചായത്തുകളെ പരിസ്ഥിതി ലോല മേഖലയിൽ നിന്നും ഒഴിവാക്കാൻ നടപടി</u>

3715 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിൽ നെന്മാറ നിയോജക മണ്ഡലത്തിലെ നെല്ലിയാമ്പതി, മുതലമട ഗ്രാമപഞ്ചായത്തുകൾ പൂർണ്ണമായും പരിസ്ഥിതിലോല പ്രദേശമായി രേഖപ്പെടുത്തിയിട്ടുളള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ വനമേഖല ഒഴികെയുളള മുഴുവൻ പ്രദേശങ്ങളും ഈ റിപ്പോർട്ടിൽ നിന്നും ഒഴിവാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നിലവിൽ സർക്കാർ നടത്തിയിട്ടുളള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ കുന്നുകൾ സംരക്ഷിക്കാൻ നടപടി</u>

3716 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പരിസ്ഥിതി ദുർബല പ്രദേശങ്ങളിലെ കുന്നുകൾ വ്യാപകമായി ഇടിച്ചു നിരത്തുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതീവ ദുർബല പ്രദേശമായ ഈ മേഖല സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

പുരയിടങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിന് നടപടി

3717 ശ്രീ. ജോസഫ് വാഴക്കൻ
,, ഹൈബി ഈഡൻ
,, പി.എ. മാധവൻ
,, പി.സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തിന് പുറത്തുള്ള പുരയിടങ്ങളിലെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാം'

3718 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ് പ്രോഗ്രാമി'ന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം;

(സി) പദ്ധതിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ഡി) പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>''വിഷൻ ഇന്ത്യ കേരള പദ്ധതി''</u>

3719 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫുട്ബോൾ കളിയുടെ വളർച്ചയ്ക്ക് നടപ്പാക്കി വരുന്ന ''വിഷൻ ഇന്ത്യ കേരള പദ്ധതി'' ഇപ്പോൾ എത്ര വിദ്യാലയങ്ങളിൽ നടന്നുവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഏതെങ്കിലും കേന്ദ്രങ്ങളിൽ ഈ പദ്ധതി നിർത്തൽ ചെയ്തിട്ടുണ്ടോ;

(സി) നിർത്തൽ ചെയ്ത വിദ്യാലയങ്ങൾ ഏതെല്ലാമാണെന്നും ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ ഫുട്ബോൾ കളിയുടെ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

‘<u>സ്മൈൽ പദ്ധതി</u>’

3720 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് കീഴിൽ ‘സ്മൈൽ പദ്ധതി’ എന്നൊരു പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവർത്തികളാണ് പ്രസ്തുത പദ്ധതിയിൻകീഴിൽ നടത്തുന്നത്; ഓരോന്നിന്റേയും വിശദാംശങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൻകീഴിൽ ഏതെങ്കിലും പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിലവിൽ ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ അനുമതി നൽകിയവയുടെ വിശദാംശം നിയോജകമണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ</u>

3721 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എലൈറ്റ് ട്രെയിനിംഗ് സെന്ററിൽ ട്രെയിനിംഗിനായി കായികതാരങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

3722 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ ഗ്രൗണ്ടിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നറിക്കുമോ;

(ബി) ഈ വർഷം എത്ര കുട്ടികളെയാണ് ട്രെയിനിംഗ് സെന്ററിൽ പ്രവേശിപ്പിച്ചത്;

(സി) ഇതിന്റെ വികസനവുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സിനിമാ സംരഭകരെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി</u>

3723 ശ്രീ. വി. റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നല്ല സിനിമ നിർമ്മിക്കുന്നവരേയും പുതിയ തലമുറയിലെ സിനിമാ സംരഭകരെയും പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവരുടെ ചിത്രങ്ങൾ തിയേറ്ററുകളിൽ പ്രദർശിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ ചലച്ചിത്രോത്സവം

3724 ശ്രീ. എം. എ. ബേബി
'' വി. ശിവൻകുട്ടി
'' ജെയിംസ് മാത്യു
'' പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര അക്കാദമി സംഘടിപ്പിക്കുന്ന ദേശിയ ചലച്ചിത്രോത്സവത്തിന്റെ പ്രയോജനം വിശകലനം ചെയ്തിട്ടുണ്ടോ; വിശകലനങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ അന്തർദ്ദേശീയ ചലച്ചിത്രോത്സവങ്ങൾക്ക് എന്തുതുക ചെലവായി; എത്ര രൂപയാണ് സർക്കാർ നൽകിയിരുന്നത്; പ്രതീക്ഷിച്ചിരുന്ന ചെലവെത്രയായിരുന്നു; ഓരോ വർഷത്തെയും വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പ്രദർശനങ്ങളിലൂടെ മലയാള ചിത്രങ്ങൾക്ക് അന്തർദ്ദേശിയ വിപണിയിൽ സ്ഥാനമുറപ്പിക്കാനായിട്ടുണ്ടോ; എങ്കിൽ എത്ര ചിത്രങ്ങൾക്ക്;

(ഡി) ചലച്ചിത്രോത്സവ നടത്തിപ്പിനെക്കുറിച്ച് ഉയർന്നിട്ടുളള അഴിമതി ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ഇ) ഈ വർഷം ചലച്ചിത്രോത്സവ പ്രതിനിധികൾക്ക് കിറ്റ് നൽകുന്നതിലുൾപ്പെടെയുളള ആക്ഷേപങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>തീയേറ്ററുകൾ ആധുനീകരിക്കാൻ നടപടി</u>

3725 ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിനിമാ സംരംഭകർക്ക് നിലവിലുള്ള തീയേറ്ററുകൾ വിഭജിക്കുവാനും ആധുനികവൽക്കരിക്കുവാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംരംഭകർക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിൽ പുതിയ തിയേറ്ററുകൾ</u>

3726 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുകീഴിലുള്ള സ്റ്റുഡിയോയും തിയേറ്ററുകളും നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കോഴിക്കോട് ജില്ലയിൽ ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിൽ പുതിയ തിയേറ്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

ഗ്രാമങ്ങളിൽ മിനി തീയറ്ററും മൂവിംഗ് തീയറ്ററും

3727 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നല്ല സിനിമകളുടെ കൂടുതൽ ജനകീയമായ പ്രദർശനത്തിനായി ഗ്രാമങ്ങൾ തോറും മിനി തീയറ്ററുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സിനിമാ വകുപ്പു മന്ത്രി മുൻപ് പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നു വിശദമാക്കാമോ;

(ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടെ മൂവിംഗ് തീയറ്റർ എന്ന ആശയം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഈ രണ്ടു പദ്ധതികളും അടിയന്തിരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>സർക്കസ് കലാകാരന്മാർക്കുള്ള പെൻഷൻ</u>

3728 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, കെ. കെ. നാരായണൻ
,, പി. ശ്രീരാമകൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കസ് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ്; പെൻഷൻ ശുപാർശ ചെയ്യുന്നതിന് എതെങ്കിലും കമ്മിറ്റി നിലവിലുണ്ടോ; ആരൊക്കെയാണ് അംഗങ്ങൾ; ഈ കമ്മിറ്റി അവസാനമായി കൂടിയതെന്നാണ്;

(ബി) സംസ്ഥാനത്ത് എത്ര സർക്കസ് കാലാകാരന്മാരുണ്ട്; ഇതിൽ പെൻഷൻ എത്രപേർക്ക് നൽകുന്നുണ്ട്. പെൻഷൻ തുക എത്രയാണ്; പെൻഷൻ വകയിൽ എത്ര കുടിശ്ശിക നൽകാനുണ്ട്; കണക്കുകൾ വ്യക്തമാക്കുമോ; ഇത് കാലോചിതമായി വർദ്ധിപ്പിച്ചതാണോ;

(സി) നിലവിൽ സർക്കസ് പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെയുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ;

(ഡി) കേരളത്തിലെ സർക്കസ് കലാകാരന്മാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള സർക്കസ് അക്കാദമിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

(ഇ) സർക്കസ് അക്കാദമി എന്നുമുതലാണ് ആരംഭിച്ചത്; എവിടെ പ്രവർത്തിക്കുന്നു; സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(എഫ്) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തെ ബജറ്റിൽ അക്കാദമിക്കായി എന്ത് തുക വകയിരുത്തിയെന്നും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ജി) പെൻഷന് പുറമേ സർക്കസ് കാലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവശതയനുഭവിക്കുന്നവരെ സഹായിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. - ബസ്തൊഴിലാളി, മിനിസ്റ്റീരിയൽ സ്റ്റാഫ് അനുപാതം</u>

3729 ശ്രീ. സി. മമ്മൂട്ടി
,, കെ.എൻ.എ. ഖാദർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നിലവിൽ പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലുള്ള പ്രശ്നങ്ങളാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.യിൽ ബസ്തൊഴിലാളി മിനിസ്റ്റീരിയൽ സ്റ്റാഫ് അനുപാതം എത്രയാണ്; മറ്റ് സംസ്ഥാനങ്ങളിലെ സമാനസ്ഥാപനങ്ങളുടെ അനുപാതവുമായി താരതമ്യം നടത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) തൊഴിലാളി നേതാക്കൾ, പ്രതിനിധികൾ, മാനേജീരിയൽ സ്റ്റാഫ് പ്രതിനിധികൾ എന്നിവർക്ക് നൽകിവരുന്ന ലൈറ്റ് ഡ്യൂട്ടി, ഡ്യൂട്ടി ഇളവ് എന്നിവയ്ക്ക് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി.-യ്ക്ക് പ്രത്യേക പാക്കേജ്

3730 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യെ ലാഭത്തിലാക്കുന്നതിനും പുനരുദ്ധരിയ്ക്കുന്നതിനുമായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) കെ. എസ്. ആർ. ടി. സി.-യിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയാണ് നൽകുവാനുള്ളത് ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ സൗജന്യം</u>

3731

ശ്രീ. എം. എ. വാഹീദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കോർപ്പറേഷന്റെ ഏതെല്ലാം ബസ്സുകളിലാണ് സൗജന്യം ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) രോഗികൾക്ക് സ്ഥിരമായി യാത്രാ പാസ്സ് നൽകുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കാൻസർ രോഗികൾക്ക് യാത്രാ സൗജന്യം</u>

3732 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്ക് സ്ഥിരതാമസസ്ഥലത്തുനിന്നും അംഗീകൃത ചികിത്സാ കേന്ദ്രങ്ങളിലേയ്ക്കും തിരിച്ചും നടത്തുന്ന യാത്രകൾക്ക് കെ. എസ്. ആർ. ടി. സി. ബസുകളിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ടോ: എത്ര ശതമാനം സൗജന്യ നിരക്ക് അനുവദിച്ചിട്ടുണ്ട്;

(ബി) കാൻസർ രോഗികൾക്ക് 100% സൗജന്യ നിരക്കോ അല്ലെങ്കിൽ സഹായത്തിനായി കൂടെ യാത്ര ചെയ്യുന്നവർക്ക് കൂടി 50% സൗജന്യനിരക്കോ കെ. എസ്. ആർ. ടി. സി. ബസുകളിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വികലാംഗർക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്ഥിരം പാസ്സ്</u>

3733 ശ്രീ. കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗർക്ക് കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ആനുകൂല്യം നൽകുന്നതിനും സ്ഥിരം പാസ്സ് നൽകുന്നതിനും തീരുമാനമെടുത്തിട്ടുണ്ടോ ;വിശദമാക്കുമോ;

(ബി) സ്ഥിരം പാസ്സ് നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം .

(സി) ഇത് സംബന്ധിച്ച് ഗതാഗത വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഉത്തരവ് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ഓർഡിനറി ബസ്സുകൾ സൂപ്പർ ഫാസ്റ്റുകളാക്കി സർവ്വീസ്</u>
<u>നടത്തുന്നത് തടയാൻ സ്വീകരിച്ച നടപടി</u>

3734 ശ്രീ. പി.കെ. ഗുരുദാസൻ
,, ബി.ഡി. ദേവസ്സി
,, സി. കൃഷ്ണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഓർഡിനറി ബസ്സുകൾ സൂപ്പർ ഫാസ്റ്റും എക്സ്പ്രസ്സും ആയി മാറ്റുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) എങ്കിൽ ഇതിന് വിരുദ്ധമായി സ്വകാര്യബസ്സുകൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം വിദ്യാർത്ഥികളും പൊതുജനങ്ങൾക്കുമുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യബസ്സുടമകളുടെ ഇത്തരത്തിലുള്ള പ്രവർത്തനംമൂലം കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) സ്വകാര്യബസ്സുകളുടെ സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ റദ്ദാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് കോടതി സ്റ്റേ ചെയ്തിരുന്നോ;

(എഫ്) സ്റ്റേ നീക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്
കെ. എസ്. ആർ. റ്റി. സി. യിലെ പണിമുടക്ക്

3735 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ഏതെങ്കിലും ട്രേഡ് യൂണിയനുകൾ 2014 ജനുവരി 17ന് പണിമുടക്കിന് നോട്ടീസ് നൽകിയിരുന്നോയെന്നും എങ്കിൽ ഏതൊക്കെ സംഘടനകളാണെന്നും പണിമുടക്കിന് കാരണമായ ഡിമാന്റുകൾ എന്തെല്ലാമായിരുന്നുയെന്നും അറിയിക്കുമോ;

(ബി) എങ്കിൽ അതുപ്രകാരം ജീവനക്കാർ പണിമുടക്കിയോ; ഇല്ലെങ്കിൽ പണിമുക്കിൽനിന്ന് സ്വമേധയാ യൂണിയനുകൾ പിൻമാറിയിരുന്നുവോ;

(സി) പ്രസ്തുത പണിമുടക്ക് പ്രഖ്യാപിച്ചത് മുതൽ അതിൽനിന്ന് പിൻമാറുന്നതുമായി ബന്ധപ്പെട്ട് അവരുടെ ഡിമാന്റിന്മേൽ എന്തെങ്കിലും ഉറപ്പ് സർക്കാർ നൽകിയിരുന്നോ;

(ഡി) എങ്കിൽ എന്തെല്ലാം ഉറപ്പുകളാണ് നൽകിയതെന്ന വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി.യിൽ ഉപയോഗിച്ച ഇന്ധനത്തിന്റെ അളവ്</u>

3736 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരി മുതൽ നാളിതുവരെ കെ.എസ്.ആർ. ടി.സി യിലെ സർവ്വീസ് ബസുകളിലും, മറ്റ് ഓഫീസ് ഉപയോഗത്തിനുള്ള വാഹനങ്ങളിലും ഉപയോഗിച്ച ഡീസൽ/പെട്രോൾ എന്നിവയുടെ കണക്ക് പ്രത്യേകം വ്യക്തമാക്കുമോ; ഇതിൽ കെ.എസ്.ആർ.ടി.സി കേന്ദ്ര ഓഫീസിലേത് പ്രത്യേകം ലഭ്യമാക്കുമോ;

(ബി) യാത്രക്കാരെ വഹിച്ചുകൊണ്ട് പോകുന്ന വാഹനങ്ങൾ ഒഴികെയുള്ളവയിൽ ഏറ്റവും കൂടുതൽ ഇന്ധനം ഉപയോഗിച്ചത് ഏത് വാഹനത്തിലാണ്; പ്രസ്തുത വാഹനത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പുതിയ ബസ്സുകൾ വാങ്ങാൻ നടപടി</u>

3737 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ വർക്ക് ഷോപ്പുകളിൽ ബോഡി നിർമ്മാണം മന്ദഗതിയിലായതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) പഴക്കം ചെന്ന ബസുകൾക്ക് പകരമായി പുത്തൻ ബസുകൾ നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രതിവർഷം എത്ര ബസുകൾ നിരത്തിലിറക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി ദീർഘദൂര ബസ്സുകളുടെ ആധുനികീകരണം</u>

3738 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂരയാത്ര ബസ്സുകൾ നിലവിലുള്ളതിനേക്കാൾ ആധുനികീകരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) സ്വകാര്യ ലക്ഷ്വറി സർവ്വീസുകാരുടെ ചൂഷണത്തിൽ നിന്ന് യാത്രക്കാരെ സംരക്ഷിക്കാൻ കെ.എസ്.ആർ.ടി.സി ബസ്സുകൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ബസുകളിലെ എമർജൻസി എക്സിറ്റ് സംവിധാനം

3739 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ. എസ്. ആർ. ടി. സി ബസുകൾ ഉൾപ്പെടെ എല്ലാ ബസുകളിലും എമർജൻസി എക്സിറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം ഏർപ്പെടുത്താത്ത എത്ര ബസുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ സംവിധാനം ഏർപ്പെടുത്തിയ ബസുകൾ തന്നെ എമർജൻസി എക്സിറ്റ് സംവിധാനം തടസ്സപ്പെടുത്തുന്ന രൂപത്തിൽ ഗോവണികളും മറ്റും സ്ഥാപിച്ചത് തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ -ബാംഗ്ലൂർ റൂട്ടിൽ സൂപ്പർ ഡീലക്സ് ബസ്</u>

3740 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന അന്തർ സംസ്ഥാന റൂട്ടായ പയ്യന്നൂർ-ബാംഗ്ലൂർ റൂട്ടിൽ സൂപ്പർ ഡീലക്സ് ബസ് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റൂട്ടിൽ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

ശബരിമല തീർത്ഥാടനത്തിനായി
ഏർപ്പെടുത്തിയ ബസുകൾ

3741 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ശബരിമല തീർത്ഥാടനത്തിനായി കെ. എസ്. ആർ. ടി.സി എത്ര പുതിയ ബസുകളാണ് ഏർപ്പെടുത്തിയതെന്നും, ഏതെല്ലാം സ്റ്റേഷനുകളിൽ നിന്നാണ് സർവ്വീസ് നടത്തിയിരുന്നതെന്നും വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഏർപ്പെടുത്തിയ ബസുകളുടെ എണ്ണത്തിൽ മുൻ വർഷത്തിൽ നിന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(സി) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് മുൻ വർഷത്തിൽ നിന്നും കൂടുതലായി കോർപ്പറേഷന് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെതെന്ന് വ്യക്തമാക്കുമോ;

(ഡി) ശബരിമല തീർത്ഥാടന ബസുകളിലെ ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിൽ എന്തെങ്കിലും മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് ഡിപ്പോയിൽനിന്നുള്ള സർവ്വീസുകൾ</u>

3742 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് കെ. എസ്. ആർ. ടി. സി. സബ് ഡിപ്പോ ആരംഭിക്കുമ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാനാണ് തീരുമാനിച്ചിരുന്നത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ എത്ര ഷെഡ്യൂളുകളാണ് ആരംഭിച്ചതെന്നും പിന്നീട് എത്ര എണ്ണമാണ് നിർത്തലാക്കിയതെന്നും അവ ഏതെല്ലാമാണെന്നും നിർത്തലാക്കാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ;

(സി) നിർത്തലാക്കിയ ഷെഡ്യൂളുകൾ പുനരാരംഭിക്കുവാനും പുതിയവ ആരംഭിക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കായംകുളത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ</u>

3743 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സ് ടെർമിനലും ഷോപ്പിംഗ് കോംപ്ളസും നിർമ്മിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ</u>

3744 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി എത്ര ഷെഡ്യൂളുകളാണ് ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നത്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) പ്രതിദിനം പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള എത്ര ഷെഡ്യൂളുകളാണ് ഓരോ ജില്ലയിലും ഓപ്പറേറ്റ് ചെയ്യുന്നതെന്ന് അറിയിക്കാമോ;

(സി) പ്രതിദിനം പതിനായിരം രൂപയിൽ കുറവ് വരുമാനമുള്ള സർവ്വീസുകൾ നിർത്തലാക്കുന്നതിന് കെ.എസ്.ആർ.ടി.സി തീരുമാനിക്കുകയോ അതിനുള്ള നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>മാവേലിക്കര ഡിപ്പോയിൽ നിന്നും ദീർഘദൂര സർവ്വീസുകൾ</u>

3745 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും ഷെഡ്യൂളുകൾ വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മാവേലിക്കരയിൽനിന്നും കോയമ്പത്തൂർ, പളനി, മൈസൂർ എന്നിവിടങ്ങളിലേക്ക് ദീർഘദൂര സർവ്വീസുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>പുതുക്കാട് മണ്ഡലത്തിലെ ബസ്ഷെഡ്യൂളുകൾ തുടരാൻ നടപടി</u>

3746 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ തിരക്കേറിയ പ്രദേശങ്ങളിൽ സ്ഥിരമായി ഓടിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. ബസ് ഷെഡ്യൂളുകൾ അകാരണമായി നിറുത്തിവെയ്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്ഥിരം ഷെഡ്യൂളുകളുടെ ഓപ്പറേഷൻ നിറുത്തിവെയ്ക്കാതിരിക്കാൻ കർശന നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കണ്ണൂരിൽ മുടങ്ങിയ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കാൻ നടപടി</u>

3747 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇരുപതോളം ഷെഡ്യൂകളുകൾ നടത്തിയിരുന്ന ദേശസാൽകൃത റൂട്ടായ പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ റൂട്ടിൽ മുടങ്ങിയ ഷെഡ്യൂളുകൾ പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകരയിലെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി</u>

3748 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെയ്യാറ്റിൻകരയിൽ നിന്നും പുതുതായി ആരംഭിച്ച ബസ് സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി ആരംഭിച്ച ബസ് സർവ്വീസുകളിൽ ഏതെങ്കിലും റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) കുളത്തൂരിൽ പുതുതായി ആരംഭിച്ച ഗവ. ആർട്സ് & സയൻസ് കോളേജ് നിലനിൽക്കുന്ന സ്ഥലത്തേക്ക് പൂവാർ, പാറശ്ശാല, നെയ്യാറ്റിൻകര, വിഴിഞ്ഞം എന്നീ ഡിപ്പോകളിൽ നിന്നും പുതിയ ബസ് സർവ്വീസുകൾ ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നെയ്യാറ്റിൻകരയിൽ നിന്നും കോട്ടയ്ക്കൽ-പാലിയോട് -വെള്ളറട റൂട്ടിൽ നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉള്ളതിനാൽ പ്രസ്തുത ഭാഗത്തേക്ക് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിച്ച് യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് നിർമ്മാണം</u>

3749 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാന്റ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ ബസ്സ് സ്റ്റാന്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014–ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ഡ്രൈവർ നിയമനം</u>

3750 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ ഇതുവരെ കെ.എസ്ആർ.ടി.സി. നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ 2014 മാർച്ച് വരെ ഉണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) 2014–15 സാമ്പത്തികവർഷം എത്ര ഡ്രൈവർ തസ്തികയിലെ റിട്ടയർമെന്റുകൾ കെ.എസ്.ആർ.ടി.സി.യിൽ ഉണ്ടാകുമെന്ന് കണക്കാക്കുന്നു ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ ഇപ്പോൾ നിലവിൽ എത്ര താല്ക്കാലിക ഡ്രൈവർമാർ ജോലി നോക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) നിലവിലുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

കെ.എസ്.ആര്‍.ടി.സി. യില്‍ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയ നടപടി

3751 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.എസ്.ആര്‍.ടി.സി. യില്‍ നിയമിക്കപ്പെടുന്നതിനായി പി.എസ്.സി തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തിയെന്നുള്ള മാദ്ധ്യമ വാര്‍ത്തകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഏതെല്ലാം വിഭാഗക്കാരായ താല്ക്കാലിക ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയത്;

(ബി) ഇത്തരത്തില്‍ തീരുമാനം എന്തടിസ്ഥാനത്തിലാണ് കൈക്കൊള്ളേണ്ടിവന്നതെന്നുള്ള വിവരം നല്‍കാമോ;

(സി) കെ.എസ്.ആര്‍.ടി.സി യില്‍ മതിയായ ജീവനക്കാരില്ലാത്തു കാരണം വലിയ തോതില്‍ ഷെഡ്യൂളുകള്‍ വെട്ടിക്കുറച്ചുവരുന്നതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നുണ്ടോ; എങ്കില്‍ വിശദാംശം നല്‍കുമോ?

# കേരള നിയമസഭ

## 30.01.2014-ലെ മറുപടിക്ക്

കെ. എസ്. ആർ. ടി. സി. യിലെ തസ്തികകൾ

3752 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും എതെല്ലാം തസ്തികകളിലാണെന്നും വിശദമാക്കുമോ;

(ബി) ഇതിൽ ജൂനിയർ അസിസ്റ്റന്റ് ഗ്രേഡ് II, ഗ്രേഡ് I, സെലക്ഷൻ ഗ്രേഡ്, സ്പെഷ്യൽ ഗ്രേഡ്, സൂപ്രണ്ട്, എ. ഒ. തുടങ്ങി സി.എം. ഡി. വരെ ഉന്നത തസ്തികകളിലുമുള്ള ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിൽ എത്രയെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ;

(സി) റിട്ടയർ ചെയ്ത എത്ര ഉദ്യോഗസ്ഥരെ വീണ്ടും നിയമിച്ചിട്ടുണ്ടെന്നും നിയമനം ഏതു വ്യവസ്ഥകൾ പ്രകാരമാണെന്നും ഇവരെ നിയമിക്കാനുണ്ടായ സാഹചര്യം എന്താണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.റ്റി.സി.യിൽനിന്നും വിരമിച്ചവർക്കുള്ള പെൻഷൻ</u>

3753 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.യിൽനിന്നും വിരമിച്ചവർക്കുള്ള പെൻഷനുകൾ യഥാസമയം നൽകണമെന്ന് കോടതികളും മനുഷ്യാവകാശക്കമ്മീഷനും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) നിലവിലുള്ള പെൻഷൻ കുടിശ്ശികകൾ ഉടൻ വിതരണം ചെയ്യുവാൻ എന്തെല്ലാം നടപടികളാണു കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>വിഴിഞ്ഞം കിടാരക്കുഴി ശ്രീമതി കൃഷ്ണകുമാരിയുടെ ഹർജി</u>

3754 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്കിൽ വിഴിഞ്ഞം വില്ലേജിൽ കിടാരക്കുഴി ദാസ് സദനത്തിൽ താമസിക്കുന്ന പരേതനായ ഗോപാലകൃഷ്ണദാസിന്റെ ഭാര്യ കൃഷ്ണകുമാരിയുടെ സങ്കടഹർജി ഗതാഗതവകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഹർജിയിലെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ട്രാൻസ് ടവേർസിന്റെ നിർമ്മാണ ചെലവ്</u>

3755 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ വാഹന വകുപ്പിന്റെ ഭൂമിയിൽ കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ബി.ഒ.ടി വ്യവസ്ഥയിൽ നിർമ്മിച്ച വഴുതക്കാട്ടുള്ള 'ട്രാൻസ് ടവേർസി'ന്റെ നിർമ്മാണ ചെലവ് എത്രയാണ്;

(ബി) ബി.ഒ.ടി സ്കീം പ്രകാരം എത്ര വർഷം കഴിഞ്ഞാൽ പ്രസ്തുത കെട്ടിടം മോട്ടോർ വാഹന വകുപ്പിന് കൈമാറാൻ സാധിക്കും;

(സി) ഇതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെയും എഗ്രിമെന്റുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കെട്ടിടത്തിൽ നിന്നും നാളിതുവരെ കെ.ടി.ഡി.എഫ്.സി ക്ക് വാടകയിനത്തിലും മറ്റിനത്തിലും പിരിഞ്ഞു കിട്ടിയ തുക എത്രയെന്നറിയിക്കാമോ;

(ഇ) ട്രാൻസ് ടവേർസിൽ പ്രവർത്തിക്കുന്ന മോട്ടോർ വാഹന വകുപ്പിന്റെയും കെ.ടി.ഡി.എഫ്.സി യുടെയും ഓഫീസുകൾ ഒഴികെയുള്ള മുൻപ് പ്രവർത്തിച്ചിരുന്നതും ഇപ്പോൾ പ്രവർത്തിക്കുന്നതുമായ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും മറ്റു സ്വകാര്യ സ്ഥാപനങ്ങളുടെയും പേരുകൾ ലഭ്യമാക്കാമോ; ഇവരിൽ നിന്നും വർഷാവർഷം നാളിതുവരെ പിരിഞ്ഞു കിട്ടിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(എഫ്) ഇനിയും ബാക്കി എന്ത് തുക കൂടി പിരിഞ്ഞു കിട്ടിയാലാണ് കെ.ടി.ഡി.എഫ്.സി ചെലവാക്കിയ തുക പൂർണ്ണമായും അടച്ചു തീർക്കാൻ കഴിയുന്നത്;

(ജി) ഇതിന്റെ നിർമ്മാണ ചെലവ് പിരിഞ്ഞു കിട്ടുന്നതു വരെ കെ.ടി.ഡി.എഫ്.സി യുടെ ഉടമസ്ഥതയിൽ പ്രസ്തുത കെട്ടിടവും സ്ഥലവും നിലനിർത്താനാണ് വ്യവസ്ഥയെ

കെട്ടിടവും സ്ഥലവും നിലനിർത്താനാണ് വ്യവസ്ഥയെങ്കിൽ ചെലവായ തുക കെ.ടി.ഡി.എഫ്.സി ക്ക് നൽകി ട്രാൻസ് ടവേർസ് മോട്ടോർ വാഹന വകുപ്പിനു കൈമാറുന്നതിന് വേണ്ട നടപടികൾ തുടങ്ങിയിട്ടുണ്ടോ;

(എച്ച്) തിരുവനന്തപുരം റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി വക കെട്ടിടത്തിന് വാടകയിനത്തിൻ എത്ര രൂപയാണ് നൽകി വരുന്നത്;

(ഐ) തിരുവനന്തപുരം റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിന്റെ പല ഓഫീസുകളും ഭാരിച്ച വാടക നൽകി പ്രവർത്തിക്കുമ്പോൾ കെ.ടി.ഡി.എഫ്.സി ക്ക് ചെലവായ തുക നൽകി 'ട്രാൻസ് ടവേർസ്' സർക്കാർ ഏറ്റെടുക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മോട്ടോർവാഹന വകുപ്പിൽ പരാതി പരിഹാരസെൽ</u>

3756 ശ്രീ. എ. റ്റി. ജോർജ്
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർവാഹന വകുപ്പിൽ പരാതി പരിഹാര സെല്ലിന് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തലത്തിലാണ് സെല്ലുകൾ പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പരാതികൾ നൽകാൻ എന്തെല്ലാം സംവിധാനമാണ് സെല്ലുകളിൽ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പരാതികൾ സ്വീകരിച്ചുവെന്ന് ജനങ്ങൾക്ക് ബോദ്ധ്യപ്പെടുവാനും പരിഹാരം കാണുവാനും എന്തെല്ലാം കാര്യങ്ങൾ ഇതിൽ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങളെന്തെല്ലാം;

(ഇ) സെല്ലിന്റെ പ്രവർത്തനങ്ങൾക്ക് ജനങ്ങൾക്കിടയിൽ വേണ്ടത്ര പ്രചാരം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മോട്ടോർ വാഹന വകുപ്പിൽ ഇന്റേർണൽ വിജിലൻസ് വിഭാഗം</u>

3757 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും ഇന്റേർണൽ വിജിലൻസ് വിഭാഗം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഘടനയും പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗം രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>ട്രാഫിക്ക് നിയമങ്ങളെക്കുറിച്ച് ബോധവല്‍ക്കരണം</u>

3758 ശ്രീ. ബെന്നി ബെഹനാന്‍
'' അന്‍വര്‍ സാദത്ത്
'' ആര്‍. സെല്‍വരാജ്
'' എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ട്രാഫിക്ക് നിയമങ്ങളെക്കുറിച്ച് ജനങ്ങളില്‍ അവബോധം സൃഷ്ടിക്കാന്‍ എന്തെല്ലാം കര്‍മ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജന്‍സികളേയും വകുപ്പുകളേയുമാണ് ഇതിനായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഇതിനായി മോട്ടോര്‍ വാഹന വകുപ്പില്‍ പ്രത്യേകം ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിന് ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>ട്രാഫിക് ലംഘനങ്ങൾ</u>

3759 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ഇതര വരുമാനത്തിൽ ട്രാഫിക് ലംഘനം മുഖേന പിഴ ഇനത്തിൽ 2013-2014 സാമ്പത്തിക വർഷം എത്ര രൂപ മുതൽ കൂട്ടിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഇത്തരം ട്രാഫിക് ലംഘനങ്ങൾ ഉദ്യോഗസ്ഥർ നേരിട്ടും നിരീക്ഷണ ക്യാമറകൾ മുഖേനയും കണ്ടെത്തിയത് വേർതിരിച്ച് വിശദാംശം നൽകാമോ;

(സി) ഇത്തരത്തിൽ ട്രാഫിക് നിയമ ലംഘനത്തിനെതിരെ നടപ്പ് സാമ്പത്തിക വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) എത്ര വ്യക്തികളുടെ ലൈസൻസ് റദ്ദ് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

പാചകവാതക ടാങ്കർ മറിഞ്ഞുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി

3760 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, ജെയിംസ് മാത്യൂ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാചകവാതകം ഉൾപ്പെടെയുള്ള സ്ഫോടക ശക്തിയുള്ള വസ്തുക്കളുടെ റോഡ് മാർഗ്ഗമുള്ള നീക്കം സംസ്ഥാനത്തെങ്ങും ഭീതി ജനകമായിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കല്യാശ്ശേരി, ചാല, കരുനാഗപ്പള്ളി തുടങ്ങിയയിടങ്ങളിലേതുൾപ്പെടെ പാചകവാതക ടാങ്കറുകൾ മറിഞ്ഞുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്ന പശ്ചാത്തലത്തിൽ ഇത് ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഇരുപതുപേർ മരണപ്പെട്ട ചാല ദുരന്തത്തിനുശേഷം ഇക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; സർക്കാർ പ്രഖ്യാപനങ്ങൾ നടപ്പാക്കുകയുണ്ടായോ; വെളിപ്പെടുത്താമോ ;

(ഡി) സംസ്ഥാനത്തുണ്ടായ പാചകവാതക ടാങ്കർ സ്ഫോടനങ്ങളിൽ മരണപ്പെട്ടവർക്കും, പരിക്കുപറ്റിയവർക്കും, നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിച്ചതായി അറിയാമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

റോഡ് സേഫ്റ്റി സെസ്

3761 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹന ഉടമകളിൽ നിന്നും റോഡ് സേഫ്റ്റി സെസ് ഇനത്തിൽ ഈ സർക്കാർ 1/7/2011 മുതൽ 30/11/2013 വരെ എത്ര രൂപ പിരിച്ചെടുത്തു;

(ബി) അതിൽ എത്ര ശതമാനം തുകയാണ് കേരളാ റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൈമാറേണ്ടിയിരുന്നത് എന്ന് വാർഷികാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് കേരളാ റോഡ് സേഫ്റ്റി അതോറിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ അറിയിക്കാമോ?

**കേരള നിയമസഭ**
**30.01.2014-ലെ മറുപടിക്ക്**

<u>പിൻ സീറ്റ് യാത്രക്കാരന് ഹെൽമെറ്റ്</u>

3762 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ടൂ വീലർ യാത്രക്കാരിൽ പിൻസീറ്റ് യാത്രക്കാരന് ഹെൽമറ്റ് ധരിക്കുന്നതിന് ഇളവ് അനുവദിച്ചിട്ടുള്ളത് മോട്ടോർ വെഹിക്കിൾ ആക്ടിൽ ഏത് വകുപ്പ് പ്രകാരമാണ്; ഇതു സംബന്ധമായ വിശദാംശം നൽകാമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

## ഹൈവേ ജാഗ്രതാ സമിതി

3763 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഗതാഗത വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, അപകടങ്ങളിൽപ്പെട്ടവരെ കഴിയുന്നതും വേഗം ആശുപത്രിയിൽ എത്തിക്കുന്നതിനുമായി 'ഹൈവേ ജാഗ്രതാ സമിതി' എന്ന പേരിൽ ഗതാഗത-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തന രീതി വിശദമാക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>അങ്കമാലിയിൽ ടോറസുകളുടെ അമിതവേഗം നിയന്ത്രിക്കാൻ നടപടി</u>

3764 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ടോറസുകളുടെയും ടിപ്പർ ലോറികളുടെയും രാത്രിയും പകലുമുള്ള അമിതഭാരം കയറ്റിയുള്ള യാത്രയും അമിത വേഗവും നിയന്ത്രിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് പഞ്ചായത്തുകളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പരാതിയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>മന്ത്രി വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ</u>

3765 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഗതാഗതവകുപ്പിന്റെ കണക്കിൽ സംസ്ഥാനത്ത് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാരുടെയും അകമ്പടിക്കാരുടെയും വാഹനങ്ങൾ ഉൾപ്പെട്ട എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ട്; മന്ത്രിമാർ തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹന അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചു; ഗതാഗത വകുപ്പിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട്; ഇൻഷ്വറൻസ് ഇനത്തിൽ എന്ത് തുക ഇത്തരക്കാർക്ക് നാളിതുവരെ നൽകി എന്നറിയുമോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മോട്ടോർ വാഹന നിയമം 112-ാം വകുപ്പ് പ്രകാരം മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾക്ക് വേഗപരിധി എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്; ഇത് മറികടന്ന് അപകടമുണ്ടാക്കിയ വാഹനങ്ങൾ എത്ര; ഏതെല്ലാം മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും വാഹനങ്ങളാണ് അപകടങ്ങളിൽപ്പെട്ടത്; വിശദാംശം നൽകുമോ;

(ഡി) മോട്ടോർ വാഹന നിയമം 119-ാം വകുപ്പനുസരിച്ച് ട്രാഫിക് സിഗ്നലുകൾ ലംഘിച്ച ഫോട്ടോകൾ ലഭ്യമായതിൽ നാളിതുവരെ പ്രസ്തുത വകുപ്പ് ലംഘിച്ച മന്ത്രിവാഹനങ്ങളും, അകമ്പടി വാഹനങ്ങളും ഏതെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

## കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

(ഇ) മന്ത്രിമാരുടെയും അകമ്പടി ഉദ്യോഗസ്ഥരുടെയും വാഹനങ്ങൾ ഉണ്ടാക്കുന്ന വാഹനാപകടങ്ങൾ നിയന്ത്രിക്കാൻ 'വേഗതനിയന്ത്രണം' ഉൾപ്പെടെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് പൊതുജനങ്ങളുടെ വാഹനങ്ങൾക്ക് വേഗപ്പൂട്ടും, മോട്ടോർ വാഹന നിയമം ലംഘിച്ചവർക്ക് പിഴയും, ലൈസൻസ് റദ്ദാക്കലുമുൾപ്പെടെ നടപ്പിലാക്കിയതുമൂലം നിലവിലെ ഗതാഗത കമ്മീഷണർ സ്ഥാനമേറ്റതിനുശേഷം നാളിതുവരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എന്തു തുക പിഴ ഇനത്തിൽ ലഭിച്ചു; എത്ര പേരുടെ ലൈസൻസ് റദ്ദാക്കലും സസ്പെന്റ് ചെയ്യലും നടപ്പിലാക്കി; ഇതിൽ മന്ത്രിമാർ/അകമ്പടി വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഉയർന്ന നികുതി

3766 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കർണ്ണാടകയിലേക്ക് കടക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഉയർന്ന നികുതി ഈടാക്കുന്നത് പോലെ മറ്റ് സംസ്ഥാനങ്ങളിൽ കൂടുതൽ തുക ഈടാക്കുന്നുണ്ടോ; എങ്കിൽ ഇവ തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിലെ വാഹനാപകടങ്ങൾ</u>

3767 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നാഷണൽ ഹൈവേയിൽ നന്ദിയ്ക്കും വടകരയ്ക്കുമിടയിൽ കഴിഞ്ഞ ഒരു വർഷ കാലയളവിൽ തുടർച്ചയായി വാഹനാപകടങ്ങളുണ്ടാവുന്നതും ആളുകൾ മരണപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടുട്ടുണ്ടോ;

(ബി) ഒരു വർഷകാലയളവിൽ എത്ര പേർ മരണപ്പെട്ടുവെന്ന് വ്യക്തമാക്കാമോ;

(സി) വാഹനാപകടം നിയന്ത്രിക്കാനും ഗതാഗത മേഖലയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്താനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ക്യാമറ സംവിധാനം</u>

3768

ശ്രീ. സി. പി. മുഹമ്മദ്
,, അന്‍വര്‍ സാദത്ത്
,, വി. പി. സജീന്ദ്രന്‍
,, ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ എല്ലാ മോട്ടോര്‍ വാഹന ഓഫീസുകളിലും ചെക്ക്പോസ്റ്റുകളിലെ ഓഫീസുകളിലും ക്യാമറകള്‍ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) മോട്ടോര്‍ വാഹന വകുപ്പില്‍ ഇടനിലക്കാരെ ഒഴിവാക്കുവാന്‍ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

എല്ലാ ചെക്ക്പോസ്റ്റുകളിലും വെയിംഗ് ബ്രിഡ്ജ് സ്ഥാപിക്കാൻ നടപടി

3769 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗാതഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ചെക്ക് പോസ്റ്റുകളുടെ എണ്ണം എത്രയാണ്; അവയിലെല്ലായിടത്തും വെയിംഗ് ബ്രിഡ്ജ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ എത്ര ചെക്ക് പോസ്റ്റുകളിൽ നിലവിൽ വെയിംഗ് ബ്രിഡ്ജ് സ്ഥാപിച്ചിട്ടുണ്ട്;

(സി) ഇവയിൽ പ്രവർത്തനക്ഷമമായതെത്ര; പ്രവർത്തനക്ഷമമല്ലാത്തതെത്ര; ഇതിന്റെ മെയിന്റനൻസ് ഉത്തരവാദിത്വം ആർക്കാണ്; വിശദാംശം നൽകുമോ;

(ഡി) അമിതഭാരം കയറ്റി വരുന്ന ലോറികൾ റോഡപകടങ്ങൾക്ക് ഇടയാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വെയിംഗ് ബ്രിഡ്ജ് ഇല്ലാത്ത എല്ലാ ചെക്ക് പോസ്റ്റുകളിലും അവ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

മോട്ടോർ വാഹനവകുപ്പ് വഴിയുള്ള വരുമാന വർദ്ധന ഫീസുകൾ

3770 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പ് പെർമിറ്റ് ഉൾപ്പെടെ എന്തെല്ലാം ഇനത്തിലുള്ള ഫീസ് നിരക്കുകളിൽ മാറ്റം വരുത്തിയിട്ടുണ്ടെന്നും ഏത് തീയതി മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) ഓരോ ഇനം നിരക്ക് വർധനയും നിലവിലുള്ള നിരക്കിന്റെ എത്ര ശതമാനം വീതമാണ്;

(സി) നിരക്ക് വർധനയോടെ പ്രതിവർഷം എന്ത് തുക അധിക വരുമാനമായി ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്;

(ഡി) നടപ്പ് വർഷം മോട്ടോർ വാഹന വകുപ്പ് മുഖേന ബഡ്ജറ്റിൽ പ്രതീക്ഷിച്ച വരുമാനം എത്ര കോടിയായിരുന്നുവെന്നറിയിക്കുമോ?

# കേരള നിയമസഭ
# 30.01.2014-ലെ മറുപടിക്ക്

<u>ജോയിന്റ് ആർ.ടി.ഒ. എൻഫോഴ്സ്മെന്റ് വിംഗ്</u>

3771 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ആർ.ടി.ഒ എൻഫോഴ്സ്മെന്റ് വിംഗ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര തീരുമാനം കൈക്കൊള്ളുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ മോട്ടോർ വെഹിക്കിൾ കോംപ്ലക്സ്</u>

3772

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) മോട്ടോർ വെഹിക്കിൾ കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
## 30.01.2014-ലെ മറുപടിക്ക്

<u>പയ്യന്നൂരിൽ സബ് ആർ.ടി. ഓഫീസ് അനുവദിക്കാൻ നടപടി</u>

3773

ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് സബ് ആർ.ടി. ഓഫീസ് വിഭജിച്ച് പയ്യന്നൂർ സബ് ആർ.ടി. ഓഫീസ് അനുവദിക്കണമെന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പയ്യന്നൂരിൽ സബ് ആർ.ടി. ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, 2014 ജനുവരി 21.

പി. ഡി. ശാരംഗധരൻ, സെക്രട്ടറി.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.